# Telephonic conversation between Prime Minister and President of the Russian Federation

September 18, 2020

---

# പ്രധാനമന്ത്രിയും റഷ്യൻ ഫെഡറേഷൻ പ്രസിഡന്റും തമ്മിലുള്ള ടെലിഫോൺ സംഭാഷണം

സെപ്റ്റംബർ 18, 2020

റഷ്യൻ ഫെഡറേഷൻ പ്രസിഡന്റ് വ്ലാഡിമിർ പുട്ടിനിൽ നിന്നും പ്രധാനമന്ത്രിയ്ക്ക് ടെലിഫോൺ സന്ദേശം ലഭിച്ചു.

പ്രധാനമന്ത്രിയുടെ ജന്മദിനത്തിന്റെ അവസരത്തിൽ റഷ്യൻ പ്രസിഡന്റ് അദ്ദേഹത്തിൻറ്റെ ആശംസകൾ അറിയിച്ചു. പ്രധാനമന്ത്രി മോഡി ആശംസകൾക്ക് നന്ദി അറിയിക്കുകയും ചെയ്തു.

ഇന്ത്യയും റഷ്യയും തമ്മിലുള്ള 'പ്രത്യേകവും വിശേഷാധികാരങ്ങൾ ഉള്ളതുമായ നയതന്ത്ര പങ്കാളിത്തം ' കൂടുതൽ ദൃഢപ്പെടുത്തുന്നതിനുള്ള ശക്തമായ പ്രതിബദ്ധത ഇരു നേതാക്കളും ആവർത്തിച്ചു കൂടാതെ കോവിഡ് 19 പകർച്ചവ്യാധിയെ കണക്കാക്കാതെ തന്നെ ഉഭയകക്ഷി ബന്ധങ്ങളിൽ ക്രിയാത്മകത തുടരുന്നതിൽ അഭിനന്ദനം അറിയിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ, രക്ഷാമന്ത്രിയും വിദേശകാര്യമന്ത്രിയും ചേർന്ന് നടത്തിയ മോസ്കോയിലേക്കുള്ള ഫലപ്രദമായ സന്ദർശനത്തെ കുറിച്ചതും അവർ പരാമർശിച്ചു.

ഈ വർഷത്തിൽ SCO, BRICS എന്നിവയ്ക്ക് റഷ്യ വഹിക്കുന്ന വിജയകരമായ അധ്യക്ഷതയ്ക്ക് പ്രധാനമന്ത്രി മോഡി പ്രസിഡണ്ട് പുടിന് നന്ദി പറഞ്ഞു. വരാനിരിക്കുന്ന SCO, BRICS ഉച്ചകോടി എന്നിവയിലും ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന SCO സർക്കാർ മേധാവികളുടെ സമ്മേളനത്തിനും പങ്കെടുക്കുന്നതിനുള്ള സന്നദ്ധത അദ്ദേഹം അറിയിച്ചു.

ഇന്ത്യയുമായുള്ള ഉഭയകക്ഷിബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രസിഡന്റ് പുടിന്റെ നടത്തുന്ന വ്യക്തിഗതമായ പ്രതിബദ്ധതയ്ക്ക് പ്രധാനമന്ത്രി മോഡി നന്ദി പറഞ്ഞു കൂടാതെ പരസ്പരം സൗകര്യപ്രദമായ തിയ്യതിയിൽ അടുത്ത ഉഭയകക്ഷി ഉച്ചകോടിയ്ക്കായി പ്രസിഡണ്ട് പുടിനെ ഇന്ത്യയിലേക്ക് സ്വാഗതം ചെയ്യാൻ ആഗ്രഹിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

**ന്യൂ ഡൽഹി**
**17 സെപ്റ്റംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.